# കൈപ്പുഴ നീര പ്ലാന്റ് ഉദ്ഘാടനം 26ന്

കൊച്ചി: നാളികേര വികസന ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ (കെസിപിസിഎൽ) നീര പ്ലാന്റിന്റെ പ്രവർത്തനോദ്ഘാടനം 26ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കും. നാളികേരത്തിൽ നിന്ന് ഉത്പാദിപ്പിക്കുന്ന 67 മൂല്യവർധിത ഉത്പന്നങ്ങൾ അടങ്ങിയ കൈപ്പുഴ കോക്കനട്ട് പാർക്കിന്റെ ഉദ്ഘാടനം മന്ത്രി ഷിബു ബേബി ജോണും, വിപണനോദ്ഘാടനം ഹോർട്ടികോർപ് ചെയർമാൻ ലാൽ വർഗീസ് കൽപ്പകവാടിയും നിർവഹിക്കും.